# 'അല്പവിശ്വാസി ആകാതിരിക്കുക'

## മത്തായി 8:24–26

"പിന്നെ കടലിൽ വലിയ ഓളം ഉണ്ടായിട്ടു പടകു തിരകളാൽ മുങ്ങുമാറായി; അവനോ ഉറങ്ങുകയായിരുന്നു. അവർ അടുത്തുചെന്നു: കർത്താവേ, രക്ഷിക്കണമെ: ഞങ്ങൾ നശിച്ചു പോകുന്നു എന്നു പറഞ്ഞു അവനെ ഉണർത്തി. അവൻ അവരോടു: അല്പവിശ്വാസികളേ, നിങ്ങൾ ഭീരുക്കൾ ആകുവാൻ എന്തു എന്നു പറഞ്ഞശേഷം എഴുന്നേറ്റു കാറ്റിനെയും കടലിനെയും ശാസിച്ചപ്പോൾ വലിയ ശാന്തതയുണ്ടായി."

ഈ വചനങ്ങൾ നാം വായിക്കുമ്പോൾ ശിഷ്യന്മാരുടെ വിശ്വാസം മുഴുവനും ചോർന്നു പോയതായ ഒരു സാഹചര്യമാണ് ചൂണ്ടിക്കാണിക്കുന്നത്. അതുവരെ യേശുവിനോടുകൂടെ യാത്ര ചെയ്ത് കർത്താവ് ചെയ്ത എല്ലാ അത്ഭുതങ്ങളും അടയാളങ്ങളും വീരപ്രവൃത്തി കളും കണ്ടും കേട്ടും അനുഭവിച്ചുമറിഞ്ഞ ശിഷ്യന്മാർ ഒരു പ്രതികൂല സാഹചര്യത്തിൽ എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ട് നിലവിളിക്കുന്ന അവസ്ഥ.

ഇതിലൂടെ നാം നമ്മെത്തന്നെ ഒന്നു ശോധന ചെയ്തു നോക്കാവുന്നതാണ്. മറ്റുള്ളവരുടെ മുമ്പിൽ ഒരു വലിയ വിശ്വാസിയായി ഭാവിച്ചുയരുവാൻ നമുക്കു സാധിച്ചേക്കാം. എന്നാൽ വാസ്തവമായി നമ്മുടെ ഉള്ളങ്ങളെ ശോധനചെയ്ത് അറിയുന്ന ദൈവത്തിന് നമ്മുടെ വിശ്വാസത്തിന്റെ ആഴം വ്യക്തമായി മനസ്സിലാക്കുന്നുണ്ട്. നമ്മുടെ ജീവിതത്തിലെ കഴിഞ്ഞ കാലങ്ങളിൽ കർത്താവിൽനിന്നും വളരെയേറെ നന്മകൾ പ്രാപിച്ചിട്ടുണ്ടാവാം. എന്നാൽ ഇപ്പോഴായിരിക്കുന്ന പ്രതികൂലത്തിൽ അല്ലെങ്കിൽ വേദനയനുഭവിക്കുന്ന സാഹചര്യങ്ങളിൽ നമ്മുടെ വിശ്വാസവും ഉറപ്പും എത്രത്തോളമുണ്ട് എന്നതാണ് പ്രധാന്യമർഹിക്കുന്നത്.

വീണ്ടും പത്രോസിന്റെ ജീവിതം നമുക്കൊന്നു ശ്രദ്ധിക്കാം. പത്രോസ് കർത്താവിനെ കണ്ടറിഞ്ഞശേഷം കടലിൽ കൂടി നടക്കുവാൻ ആരംഭിച്ചു. എന്നാൽ തന്റെ ദൃഷ്ടി കർത്താവിൽ നിന്നും മാറ്റി കടലിന്റെ ഭീകരതയിലേക്ക് നോക്കിയപ്പോൾ താൻ മുങ്ങി പ്പോകുവാൻ ഇടയാകുന്നതായി നാം വായിക്കുന്നുവല്ലോ. അവിടെയും അവനെ രക്ഷി ക്കുവാൻ ഓടിയടുക്കുന്ന യേശുവിനെ നമുക്കു കാണാം. പത്രോസിന്റെ വിശ്വാസകുറവു കൊണ്ടാണ് താൻ മുങ്ങിപ്പോകുവാൻ ഇടയായത് എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

റോമർ 8:15 ഇപ്രകാരം പറയുന്നു: 'നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രെ പ്രാപിച്ചത്'.

ആയതിനാൽ നാം ഒരിക്കലും ഭയപ്പെടേണ്ട ആവശ്യമില്ല. ഭയം നമ്മിൽ കടന്നുവരുമ്പോൾ നാം കർത്താവിൽനിന്നും ദൃഷ്ടിമാറ്റി പ്രശ്നങ്ങൾ വലുതായി കാണുവാൻ ഇടവരുന്നു. അതുകൊണ്ട് എല്ലാ ഭയവും ആകുലതകളും കർത്താവിങ്കലേക്ക് വിട്ടുകൊടുത്ത് നമ്മുടെ ദൃഷ്ടി കർത്താവിൽ മാത്രമാക്കി യാത്ര തുടരാം. ശിഷ്യന്മാർ പ്രതികൂല സാഹചര്യത്തിൽ കർത്താവിനെ തട്ടിയുണർത്തിയതുപോലെ നാമും വിശ്വാസമാകുന്ന ജീവിതത്തോണിയിൽ പ്രാർത്ഥനയാകുന്ന നിലവിളിയിലൂടെ കർത്താവിനെ തട്ടിയുണർത്തേണം.

അതുകൊണ്ട് നമ്മിൽ ആരും അല്പവിശ്വാസിയാകാതെ, കർത്താവിനെ സംശയിക്കാതെ പൂർണ്ണവിശ്വാസവും ഉറപ്പും ഉള്ളവരാകുവാൻ എപ്പോഴും ദൈവത്തിലേക്ക് ദൃഷ്ടിയൂന്നി ജീവിക്കേണ്ടതാണ്. ഈ നല്ല കർത്താവ് നമ്മുടെ ജീവിതമാകുന്ന ബോട്ടിലുണ്ടെങ്കിൽ നമ്മെ എത്തേണ്ടിടത്ത് എത്തിക്കാതെ പിന്മാറുകയില്ല. നമ്മുടെ ലക്ഷ്യസ്ഥാനം ആ നിത്യത തന്നെയാണല്ലോ. സ്വർഗ്ഗീയമായതിനെ ലക്ഷ്യമാക്കി ജീവിക്കുവാൻ കർത്താവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :
യോശുവ 1:9

‘‘നിന്റെ ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ.’’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 040